പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനം

23 (*203) ശ്രീ. എം ദാസൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ടി. കെ നൗഷാദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനത്തിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തൊക്കെ ആണ് ;

(ബി) ഈ നിബന്ധനകൾ എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ടോ ;

(സി) നിർദ്ദിഷ്ട റിക്രൂട്ട്മെന്റ് ബോർഡിന്റെ പരിധിയിൽ ഏതെല്ലാം വിഭാഗം സഹകരണ സംഘങ്ങളെയാണ് ഉൾപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ :

(ഡി) ഈ ബോർഡ് എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനം സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരം, അതാത് ജില്ലാ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോപ്പറേറ്റീവ് മാനേജ്മെന്റോ മറ്റു പ്രശസ്തമായ സർക്കാർ ഏജൻസിയോ മുഖേനയോ എഴുത്ത് പരീക്ഷാ നടത്തി നിയമനം നടത്താവുന്നതാണ് എന്നാണ് ഇപ്പോഴുള്ള നിബന്ധനകൾ

(ബി) ബാധകമാണ്.

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ അർബൺ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിലെ ജൂനിയർ ക്ലാർക്ക് മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ബാലവേല

24 (*204) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലെടുക്കുന്ന കുട്ടികൾക്ക് ഔപചാരിക വിദ്യാഭ്യാസം നൽകാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവിഷ്ക്കരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിലെടുക്കുന്ന കുട്ടികളുടെ ജോലിസമയം സംബന്ധിച്ചുള്ള അനുശാസനം എന്തൊക്കെയാണെന്നും ഏത് നിയമമനുസരിച്ചാണെന്നും വ്യക്തമാക്കാമോ ;

(സി) നിയമപ്രകാരമുള്ള പ്രവർത്തനസമയത്തിലധികവും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നവരെ കണ്ടെത്താനും നടപടിയെടുക്കാനും എന്തൊക്കെ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിലെടുക്കുന്ന കുട്ടികൾക്ക് ഔപചാരിക വിദ്യാഭ്യാസം നൽകുകയെന്നത് പ്രായോഗികമല്ല. സുപ്രീം കോടതി വിധിയിൽ ഇവർക്കു ജോലി സമയം കഴിഞ്ഞോ, ജോലി സമയത്തിനിടയിലോ രണ്ടു മണിക്കൂർ നിർബന്ധിത അനൗപചാരിക വിദ്യാഭ്യാസം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത് പ്രകാരമുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) 1986-ലെ ചൈൽഡ് ലേബർ (പ്രോഹിബിഷൻ ആന്റ് റഗുലേഷൻ) ആക്ട്, 1983-ലെ കേരള ചൈൽഡ് ലേബർ (പ്രോഹിബിഷൻ ആന്റ് റഗുലേഷൻ) റൂൾസ് ഇവ പ്രകാരമാണ് തൊഴിലെടുക്കുന്ന കുട്ടികളുടെ ജോലിസമയം നിജപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് ബാലതൊഴിലാളികളുടെ ഒരു ദിവസം 4½ മണിക്കൂറിൽ കൂടുതൽ പണിയെടുപ്പിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല മൂന്നു മണിക്കൂർ കഴിഞ്ഞാൽ കുറഞ്ഞത് ഒരു മണിക്കൂർ സമയം വിശ്രമം നൽകേണ്ടതും ഒരു സാഹചര്യത്തിലും ജോലി സമയം വിശ്രമസമയമുൾപ്പെടെ ആറു മണിക്കൂറിൽ കൂടുതൽ ആകാൻ പാടില്ലെന്നും പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ രാത്രി ഏഴു മണിക്ക് ശേഷവും രാവിലെ എട്ട് മണിക്ക് മുമ്പും പണിയെടുപ്പിക്കുന്നതും ഓവർടൈം പണി ചെയ്യിക്കുന്നതും നിരോധിച്ചിട്ടുണ്ട്. ബാലതൊഴിലാളിയെ ഒരു സമയത്ത് ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലിക്ക് നിയോഗിക്കുന്നതും നിയമംമൂലം നിരോധിച്ചിട്ടുണ്ട്. ഇതുകൂടാതെ ആഴ്ചയിൽ ഒരു ദിവസം ശമ്പളത്തോടുകൂടിയ അവധി നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ബാലവേലയ്ക്കെതിരെ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുവാനും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനും തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ്സുകൾ ഫയൽ ചെയ്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു.

വൈദ്യുതിനയംമൂലം ഉണ്ടായ പുരോഗതി

25 (*205) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly